ചാലക്കുഴി പുഴയ്ക്കു കുറുകെ വെറ്റിലപ്പാറയിൽ പാലം

64 (3623) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് തൃശ്ശൂർ ഡിവിഷന്റെ കീഴിൽ ചാലക്കുടി പുഴയ്ക്കു കുറുകെ വെറ്റിലപ്പാറയിൽ പാലം നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പാലം ഏതുഘട്ടത്തിലാണെന്നും എന്നേക്ക് തുടങ്ങുവാൻ കഴിയും എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഈ പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു.

പെരുമ്പളക്കടവ് പാലത്തിന്റെ നിർമ്മാണം

65 (3624) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ പെരുമ്പളക്കടവ് പാലത്തിന്റെ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ മേൽ പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപ്രോച്ച് റോഡിനുള്ള സ്ഥലമെടുക്കുന്നതിനും പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീകണ്ഠപുരം ഭാഗത്തെ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ

66 (3625) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകണ്ഠപുരം-ചെമ്പത്തൊട്ടി-നടുവിൽ, ശ്രീകണ്ഠപുരം-കൂട്ടുമുഖം-പയ്യാവൂർ എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ ടെൻഡർ ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly